മുത്തലാഖ് വധശിക്ഷയ്ക്ക് തുല്യം: സുപ്രീംകോടതി

Friday 12 May 2017 11:05 pm IST

janmabhumidaily.com

ന്യൂദൽഹി: ഉഭയകക്ഷി സമ്മതമില്ലാത്ത മുത്തലാഖ് വധശിക്ഷയ്ക്ക് തുല്യമാണെന്ന് സുപ്രീംകോടതി. മുത്തലാഖ് എതിർക്കപ്പെടേണ്ടതാണെന്നും നിരോധിക്കുകയാണെങ്കിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ അപ്പോൾ പരിശോധിക്കാമെന്നും ചീഫ് ജസ്റ്റിസ് ജെ. എസ് ഖെഹാർ അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചു. മുത്തലാഖ് വഴി മൊഴിചൊല്ലി ഭർത്താക്കന്മാരുപേക്ഷിച്ച അഞ്ച് സ്ത്രീകൾ സമർപ്പിച്ച ഹർജികളിലാണ് സുപ്രീംകോടതി വാദം കേൾക്കുന്നത്. മുത്തലാഖ് നിയമപരമാണെന്ന ആശയം പ്രചരിപ്പിക്കുന്നവർ നിരവധിയാണ്. എന്നാൽ മുസ്ലിങ്ങൾക്കിടയിലെ ഏറ്റവും മോശമായ കാര്യമാണത്. മുത്തലാഖ് നിരോധിച്ചിട്ടുള്ള രാജ്യങ്ങളുടെ പട്ടിക തയ്യാറാക്കാനും ഭരണഘടനാ ബെഞ്ച് അമിക്കസ്ക്യൂറി സൽമാൻ ഖുർഷിദിനോട് ആവശ്യപ്പെട്ടു. മുത്തലാഖ് കോടതി പരിശോധിക്കേണ്ടതില്ലെന്നും മുസ്ലിം സ്ത്രീകൾക്കുതന്നെ അതിനെ എതിർക്കാൻ സാധിക്കുന്നുണ്ടെന്നുമായിരുന്നു മുൻ വിദേശകാര്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ഖുർഷിദിന്റെ അഭിപ്രായം. എന്നാൽ ഇതംഗീകരിക്കാതിരുന്ന കോടതി മുത്തലാഖ് നിരോധിച്ച രാജ്യങ്ങളുടെ പട്ടിക കൈമാറാൻ ആവശ്യപ്പെടുകയായിരുന്നു. പാക്കിസ്ഥാൻ, സൗദി അറേബ്യ, അഫ്ഗാനിസ്ഥാൻ, മൊറോക്കോ തുടങ്ങിയ രാജ്യങ്ങളിൽ ഇതു നിരോധിച്ചിട്ടുണ്ടെന്ന് ഖുർഷിദ് കോടതിയെ അറിയിച്ചു. മുത്തലാഖ് പാപമാണെന്നാണ് തന്റെ അഭിപ്രായമെന്നും അദ്ദേഹം പറഞ്ഞു. മുത്തലാഖ്, ചടങ്ങു കല്യാണം എന്ന നിക്കാഹ് ഹലാല എന്നീ വിഷയങ്ങളാണ് കോടതി പരിഗണിക്കുന്നത്. ഒന്നര പതിറ്റാണ്ട് നീണ്ട വിവാഹബന്ധം ഒറ്റവാക്കിൽ മുറിച്ചുമാറ്റിയതിനെതിരെ ഷൈറാ ബാനു, കത്തു വഴി മുത്തലാഖ് ചൊല്ലിയ ആഫ്രീൻ റഹ്മാൻ, ഗുൽഷൻ പ്രവീൺ, ഫോണിലൂടെ മൊഴി ചൊല്ലിയ ഇസ്റത് ജഹാൻ, അതിയാ സാബ്റി എന്നിവരാണ് ഹർജിക്കാർ. ചീഫ് ജസ്റ്റിസിന് പുറമേ ജസ്റ്റിസുമാരായ കുര്യൻ ജോസഫ്, രോഹിൻടൺ നരിമാൻ, യു.യു ലളിത്, അബ്ദുൾ നസീർ എന്നിവരാണ് ബെഞ്ചിലുള്ളത്. അഖിലേന്ത്യാ മുസ്ലിം വ്യക്തിനിയമബോർഡ്, ജമാ അത്തെ ഇസ്ലാമി എന്നിവർ മുത്തലാഖിനെ അനുകൂലിച്ചും ഖുറാൻ സുന്നത്ത് സൊസൈറ്റി, മുസ്ലിം വിമൻസ് കവസ്റ്റ് ഫോർ ഇക്വാളിറ്റി എന്നീ സംഘടനകൾ എതിർത്തും കേസിൽ കക്ഷി ചേർന്നിട്ടുണ്ട്. മുത്തലാഖിന്റെ പ്രയോജനം ഭർത്താവിന് മാത്രമാണെന്നും ഭാര്യയ്ക്കില്ലെന്നും ഹർജിക്കാരുടെ അഭിഭാഷകനായ രാംജത് മലാനി വാദിച്ചു. ഏകപക്ഷീയമായ വിവാഹമോചനം ക്രൂരമാണെന്നും മലാനി പറഞ്ഞു. വാദം ഇന്നും തുടരും.